**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4070** 24.08.2017 **ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകൾ, കലാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മദ്യ, മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ. യുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 1400-ഓളം പരാതി പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | സ്കൂളുകളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങളുടെ വില്പന നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസെടുക്കുകയുണ്ടായി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2017 ജൂലൈ 31 വരെ സ്കൂളുകളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങളുടെ വില്പന നടത്തിയതിന്റെ പേരിൽ 7607 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് പുകവലി/മറ്റ് | സി) | വിദ്യാർത്ഥികളെയും യുവജനങ്ങളെയും മദ്യം, മയക്കുമരു |

| | |
|---|---|
| മയക്കമരുന്ന് ഉപയോഗം എന്നിവയുടെ ദൃഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് സംസ്ഥാന എക്സൈസ് വകുപ്പ് നടത്തിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ? | ന്ന്, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി 'ലഹരിക്കെതിരെ യുവത്വം' എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ വ്യാപകമായ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശ്യലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന 2542 ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ആയതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളും മത്സരങ്ങളും പ്രദർശനങ്ങളും ക്ലാസുകളും സംഘടിപ്പിച്ചു വരുന്നു. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ